പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 897 05-02-2020 ലെ മറുപടി

**കേന്ദ്ര ജല കമ്മീഷൻ മാനദണ്ഡങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൻ. ഷംസുദ്ദീൻ** | | **ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | കേന്ദ്ര ജല കമ്മീഷൻ ജലസേചന പ്രവർത്തികൾക്കായി നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (എ) | കേന്ദ്ര ജലകമ്മീഷൻ പദ്ധതിയിൽ കേരളത്തെ Non Special Category State ആയിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ടി മാനദണ്ഡം പ്രകാരം 20 ഹെക്ടർ Culturable Command Area ഉള്ള ഒറ്റ സ്കീമിനും ആദിവാസി മേഖലകളിലും വരൾച്ചാ മേഖലകളിലും മരുഭൂമിയാകാൻ സാധ്യതയുള്ള പ്രദേശങ്ങളിലും, തീവ്ര ഇടതു ബാധിത പ്രദേശങ്ങളിലും (Left wing extremist affected areas) 5 കിലോമീറ്റർ radius പരിധിയിൽ, 50 ഹെക്ടർ പ്രദേശത്ത് പ്രയോജനം ലഭിക്കാൻ സാധ്യതയുള്ള ഒരു കൂട്ടം മൈനർ ഇറിഗേഷൻ സ്കീമുകൾക്കു മാത്രമേ PMKSY - സർഫസ് മൈനർ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളു. RRR (Repair, Renovation & Restoration of water bodies) പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ കേന്ദ്ര ജലക്കമ്മീഷൻ ജലാശയങ്ങൾക്ക് നിഷ്ക്കർഷിച്ചിരിക്കുന്ന മാനദണ്ഡം, ഗ്രാമപ്രദേശങ്ങളിൽ മിനിമം 5 ഹെക്ടറും നഗരപ്രദേശങ്ങളിൽ 2 മുതൽ 10 ഹെക്ടറും Water spread area ഉണ്ടായിരിക്കണമെന്നതാണ്.<br><br>കാഡ വർക്കുകളുടെ വിവിധ component -ന് മാനദണ്ഡമനുസരിച്ചിട്ടുള്ള നിരക്കുകൾ താഴെ പറയും പ്രകാരമാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു ഹെക്ടറിന് 35,000/- രൂപ വച്ചും, നിർമ്മാണ പ്രവർത്തനങ്ങൾ അല്ലാത്തവയ്ക്ക് 5000/- രൂപ വച്ചും ഒരു ഹെക്ടറിന് വരും. ഇത് Actual cost –നേ |

| | | | |
|---|---|---|---|
| | | | ക്കാൾ വളരെ കുറവാണ്. |
| (ബി) | പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കാൻ കഴിയാത്തതുമൂലം പല കേന്ദ്ര പദ്ധതികളും നടപ്പിലാക്കുവാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതിയും ജനസാന്ദ്രതയും കണക്കിലെടുത്ത് കേന്ദ്ര ജല കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഇളവ് ലഭിക്കുവാൻ മുൻകൈ എടുക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | | RRR Guide line – ൽ നഗരങ്ങളിലെ ജലാശയങ്ങളുടെ ജലവിസ്തൃതി 2ha to 10ha ന് ഇട യ്ക്കും ഗ്രാമപ്രദേശങ്ങളിലേത് 5 ha ഉം വേണമെന്ന് നിഷ്കർഷിച്ചിട്ടു ണ്ട്. കേരളത്തിൽ മേൽപ്രകാരമുള്ള ജലവിസ്തൃതി ഉള്ള കുളങ്ങൾ ക ണ്ടെത്തുക പ്രയാസമാണ്.<br><br>കേന്ദ്ര ജലക്കമ്മീഷൻ നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ താഴെപറയുന്ന ഇളവ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.<br><br>സർഫസ് മൈനർ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 10 ഹെക്ടർ Culturable Command Area ഉള്ള ഒറ്റ സ്കീമിനും; ആദിവാസി മേഖലകളിലും, വരൾച്ചാ മേഖലകളിലും, മരുഭൂമിയാകാൻ സാധ്യതയുള്ള പ്രദേശങ്ങളിലും, തീവ്ര ഇടതു ബാധിത പ്രദേശങ്ങളിലും, 5 കിലോമീറ്റർ radius പരിധിയിൽ, 20 ഹെക്ടർ പ്രദേശത്ത് പ്രയോജനം ലഭിക്കാൻ സാധ്യതയുള്ള ഒരു കൂട്ടം മൈനർ ഇറിഗേഷൻ സ്കീമുകൾക്കും അനുമതിനൽകുക.<br><br>RRR (Repair, Renovation & Restoration) of water bodies scheme ൽ ഗ്രാമപ്രദേശങ്ങളിൽ 0.2 ഹെക്ടറും, നഗരപ്രദേശങ്ങളിൽ 0.1 ഹെക്ടറും ഉള്ള ജലാശയങ്ങൾ ഏറ്റെടുക്കുവാനുള്ള അനുമതി നൽകുക. |

| | | | |
|---|---|---|---|
| | | | കേരളത്തെ പ്രത്യേക മേഖലയിൽ ഉൾപ്പെടുത്തുക |

Prijith

സെക്ഷൻ ഓഫീസർ